തിരുവനന്തപുരം ജില്ലാകളക്ടറുടെ നടപടിക്രമം
(ഹാജർ .ഡോ.നവജ്യോത് ഖോസ, ഐ.എ.എസ്)

കെ.3/103152/2016 തീയതി:: 07.05.2022

വിഷയം : പൊന്നുംവില – നെടുമങ്ങാട് താലൂക്കിൽ പട്ടം കളിച്ചപ്പാറയെയും മീനാങ്കലിനേയും ബന്ധിപ്പിക്കുന്ന പന്നിക്കുഴിപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ –സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തൽ – വിദഗ്ധ സമിതി അംഗങ്ങളെ നാമനിർദേശം ചെയ്ത് ഉത്തരവാകുന്നത്– സംബന്ധിച്ച്

പരാമർശം :1 ജി ഒ (പി ) നം .ആർ ഡി തീയതി നമ്പർ സർക്കാർ ഉത്തരവ് (08 .07 .16 ലെ 1225 –)0 നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനം )

2 ഈ കാര്യാലയത്തിലെ 26 .12 .17 ലെ K 6 .89903 / 16 നമ്പർ നടപടിക്രമം

3 ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡെവലപ്പ്മെന്റ് 21 /04 /2022 തീയതി സമർപ്പിച്ച സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട്.

4 ആര്യനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29/04/22 ലെ എ3/553/2022 നം. കത്ത്.

5 വിതുര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29/04/22 ലെ എ2/2048/2022 നം. കത്ത്.

6. പൊതുമരാമത്ത് വകുപ്പ് പാലം വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 22/04/22 ലെ EE/BR/Tvm/577/2020 നം .കത്ത്

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ 7 (1 )വകുപ്പിലെ പരാമർശ പ്രകാരമുള്ള വിദഗ്ധ സമിതിയെ നിയമിക്കുന്നത് സംബന്ധിച്ച് പരാമർശം (1) സർക്കാർ ഉത്തരവിൽ ഓരോ പൊന്നും വില നടപടിയിലും 7 അംഗങ്ങൾ അടങ്ങിയ വിദഗ്ധ സമിതിയെ നിയമിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട് . പ്രസ്തുത സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന നോൺ ഒഫീഷ്യൽ സോഷ്യൽ സയന്റിസ്റ്റ് ,എക്സ്പെർട്സ് ഓൺ റീഹാബിലിറ്റേഷൻ എന്നീ വിഭാഗങ്ങളിൽ രണ്ട് പേരെ വീതം ജില്ലാ കളക്ടർ പരാമർശം(2) നടപടിക്രമം പ്രകാരം നാമനിർദേശം ചെയ്ത് ഉത്തരവായിട്ടുണ്ട് . വിദഗ്ധ സമിതിയിൽ

അവശേഷിക്കുന്ന മൂന്ന് അംഗങ്ങളിൽ രണ്ടുപേർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളും (ഒരു വനിത ഉൾപ്പെടെ ) ഒരാൾ പദ്ധതിയുമായി ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധനും (അർത്ഥനാധികാരിയുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്ന ആൾ ) ആയിരിക്കണമെന്ന് പരാമർശം (1 )പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ പട്ടം കുളിച്ചപ്പാറയെയും മീനാങ്കലിനേയും ബന്ധിപ്പിക്കുന്ന പന്നിക്കുഴിപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട പൊന്നുംവില നടപടികളുടെ ഭാഗമായി സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ഈ പഠനറിപ്പോർട്ട് വിലയിരുത്തുന്നതിനായി രൂപീകരിക്കുന്ന വിദഗ്ധ സമിതിയിലേക്ക് നാമനിർദേശം ചെയ്യുന്നതിനായി പരാമർശം (4) , (5),(6) എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികളുടേയും പദ്ധതിയുമായി ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധന്റേയും പേരുകൾ ലഭ്യമായിട്ടുണ്ട് .

മേൽ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ പട്ടം കുളിച്ചപ്പാറയെയും മീനാങ്കലിനേയും ബന്ധിപ്പിക്കുന്ന പന്നിക്കുഴിപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട പൊന്നുംവില നടപടികളുടെ ഭാഗമായി സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി രൂപീകരിക്കുന്ന വിദഗ്ധ സമിതിയിലേക്ക് താഴെ പറയും പ്രകാരം 7 പ്രതിനിധികളെ നാമ നിർദേശം ചെയ്ത് കൊണ്ടും ഈ സമിതിയുടെ ചെയർപേഴ്സണായി **പ്രൊ.താരാഭായി** യെ ചുമതലപെടുത്തികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | പ്രതിനിധിയുടെ പേരും വിലാസവും | വിഭാഗം |
|---|---|---|
| 1 | പ്രൊ .താരാഭായി<br>സോഷ്യോളജി പ്രൊഫസർ (റിട്ട .)<br>മധുരൈ കാമരാജ് യൂണിവേഴ്സിറ്റി<br>II A,GIA Classic,UR NO.2<br>ഉപ്പളം റോഡ് ,തിരുവനന്തപുരം<br>Mob:9496174262 | നോൺ ഒഫീഷ്യൽ സോഷ്യൽ സയന്റിസ്റ്റ് |
| 2 | ഡോ .പി . പ്രതാപൻ<br>റ്റി.സി.42/944,ആൽഫമെറിറ്റഅപ്പാർട്ട്മെന്റ്സ്,പൂജപ്പുരപി.ഒ-695012,തിരുവനന്തപുരം<br>Mob: 9446176426 | നോൺ ഒഫീഷ്യൽ സോഷ്യൽ സയന്റിസ്റ്റ് |
| 3 | ശ്രീ .എസ് ഇന്ദുകലാധരൻ<br>ഡെപ്യൂട്ടി കളക്ടർ (റിട്ട .)<br>ഹൗസ് നം .5<br>എം എസ് പി നഗർ<br>തിരുമല പി ഒ<br>Mob:9847443300 | എക്സ്പെർട്സ് ഓൺ റീഹാബിലിറ്റേഷൻ |

| | | |
|---|---|---|
| 4 | ശ്രീ .എസ് .ശംഭുദേവൻ നായർ<br>ഡെപ്യൂട്ടി കളക്ടർ (റിട്ട .)<br>കൃഷ്ണ ,ഊരൂപൊയ്ക പി ഒ<br>ആറ്റിങ്ങൽ<br>Mob:9349328966 | എക്സ്പെർട്സ് ഓൺ റീഹാബിലിറ്റേഷൻ |
| 5 | ശ്രീ . മേമല വിജയൻ<br>12-ാം വാർഡ്പ്രതിനിധി, മേമല വാർഡ്<br>വിതുര ഗ്രാമപഞ്ചായത്ത്<br>Mob: 9072332948 | വിതുര ഗ്രാമപഞ്ചായത്ത് പ്രതിനിധി |
| 6 | ശ്രീമതി . സരസ്വതി.പി<br>ആര്യനാട് ഗ്രാമപഞ്ചായത്ത്.<br>Mob: 8086131285<br>e-mail-saraswathysathy20@gmail.com. | ആര്യനാട് ഗ്രാമപഞ്ചായത്ത് പ്രതിനിധി |
| 7 | ശ്രീ. വിഷ്ണു. എം.പി.<br>അസിസ്റ്റന്റ്എഞ്ചിനീയർ, പാലങ്ങൾ സെക്ഷൻനം-2<br>Mob:9497358289. | ടെക്നിക്കൽഎക്സ്പെർട്ട് പൊതുമരാമത്ത് വകുപ്പ്, പാലംവിഭാഗം, തിരുവനന്തപുരം |

(ഒപ്പ്)
ജില്ലാ കളക്ടർ

പകർപ്പ് :

1.ബന്ധപ്പെട്ട വിദഗ്ദ്ധസമിതി അംഗങ്ങൾക്ക്
2.സ്പെഷ്യൽ തഹസിൽദാർ ,പൊന്നംവില (ജനറൽ),സിവിൽസ്റ്റേഷൻ(**വിദഗ്ദ്ധ സമിതിക്ക് ആവശ്യമായ ക്രമീകരണം ചെയ്യുന്നതിനായി)**
3. എൻ.ഐ.സി (**സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)**
4. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, പാലം വിഭാഗം ,തിരുവനന്തപുരം
5. സെക്രട്ടറി, ആര്യനാട് , വിതുര ഗ്രാമപഞ്ചായത്ത് .

ഉത്തരവിൻപ്രകാരം

ഡെപ്യൂട്ടി കളക്ടർ(എൽ.എ)